**GOVERNMENT OF KERALA**

**Abstract**

Government Law Officers - Appointment of Standing Counsel in the Supreme Court - Orders issued.

**LAW (INSPECTION) DEPARTMENT**

G.O.(Ms) No.74 /2021/Law. Dated, Thiruvananthapuram, 24/11/2021.

Read: 1. G.O. (P) No.11/78/Law dated 25-01-1978.
2. Letter No.SS-GK 24/2021/AG dated 22-11-2021 of the Advocate General.

**ORDER**

The Government are pleased to appoint Sri.Harshad V. Hameed, A-401, Riverview Apartment, Mayur Vihar Extension, New Delhi-110091 as Standing Counsel for the State of Kerala in the Hon'ble Supreme Court for a period of three years with effect from the date of his assumption of charge or attainment of 65 years of age, whichever is earlier.

The terms and conditions of service, duties etc. will be as envisaged in the Rules issued under Government Order read as 1st paper above, as amended from time to time.

By order of the Governor,
V.HARI NAIR,
**Law Secretary.**

To

1. Sri.Harshad V. Hameed, A-401, Riverview Apartment, Mayur Vihar Extension, New Delhi-110091.
2. The Advocate General, Kerala, Ernakulam.
3. The Accountant General (A&E) / (Audit), Kerala, Thiruvananthapuram
4. The P.S to Chief Minister
5. The P S to Minister for Law, Industries & Coir.
6. The Resident Commissioner, Kerala House, New Delhi
7. The District Treasury Officer, Ernakulam
8. The Information Officer, Web & New Media, Information & Public Relations Department.
9. The GA (SC) Department vide decision of the Council of Ministers in Item No.392 dtd. 24-11-2021.
10. The P.A to the Law Secretary.
11. The Additional Secretary, Law (Insp) Department
12. The Law (Nodal) Department for publication in the web site
13. The Stock File/Office Copy.

Forwarded/By Order

Section Officer

രഹസ്യം

# കേരള സർക്കാർ

10\. # മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-11-2021

ഫയൽ നം. 19881/ഇൻസ്പെ.1/2021/നിയമം. ഇനം നം: 392

20) വിഷയം : നിയമ വകുപ്പ് - ബഹു. സുപ്രീം കോടതിയിൽ സ്റ്റാൻഡിംഗ് കൗൺസലിനെ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

**കേരള സർക്കാർ**

9 (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ) 392

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.19881/ഇൻസ്‌പെ.1/2021/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്‌പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | ബഹു. സുപ്രീം കോടതിയിൽ സ്റ്റാൻഡിംഗ് കൗൺസലിനെ നിയമിക്കുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 23/11/2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അല്ല<br>ഇല്ല<br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിജു വർഗ്ഗീസ് ഇരുമല |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. വി. ഹരി നായർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/11/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/11/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23/11/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23/11/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

9)

ബഹു. സുപ്രീം കോടതിയിൽ സ്റ്റാൻഡിംഗ് കൗൺസലിനെ നിയമിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ 13-ാം ചട്ടമനുസരിച്ച് സംസ്ഥാന സർക്കാരിനു വേണ്ടി ബഹു. സുപ്രീം കോടതിയിൽ കേസുകൾ വാദിക്കുന്നതിനുള്ള സ്റ്റാൻഡിംഗ് കൗൺസലിനെ നിയമിക്കുന്നതിലേയ്ക്കായി മൂന്നു അഭിഭാഷകരുടെ പേരുകൾ അടങ്ങുന്ന ഒരു പാനൽ അഡ്വക്കേറ്റ് ജനറൽ 22-11-2021 തീയതിയിലെ SS-GK 24/2021/AG നമ്പർ കത്ത് മുഖേന സർക്കാരിലേയ്ക്ക് അയച്ചു തന്നിരിക്കുന്നു. ആയത് താഴെ പറയും പ്രകാരമാണ്.-

1. ശ്രീ.ഹർഷദ് വി.ഹമീദ്,
   എ-401, റിവർ വ്യൂ അപ്പാർട്ട്മെന്റ്,
   മയൂർ വിഹാർ എക്സ്റ്റൻഷൻ, ന്യൂഡൽഹി-110091.
2. ശ്രീ.സാനന്ദ് രാമകൃഷ്ണൻ,
   148, ലോയേഴ്സ് ചേമ്പർ, ഡൽഹി ഹൈക്കോർട്ട്,
   ന്യൂഡൽഹി-3.
3. ശ്രീ.രഞ്ജിത്ത് കെ.സി.,
   8-എഫ് നീതി അപ്പാർട്ട്മെന്റ്,
   84- ഐ.പി എക്സ്റ്റൻഷൻ, ഡൽഹി-92.

3. ടിയാളുകളുടെ യോഗ്യതയും പ്രവൃത്തി പരിചയവും സമഗ്രതയും യശസ്സും വിശ്വാസ്യതയും സ്വഭാവവും പൂർവ്വകാലചരിത്രവും കണക്കിലെടുത്താണ് ടി പാനൽ തയ്യാറാക്കിയിട്ടുള്ളതെന്നും നിലവിൽ ബഹു. സുപ്രീം കോടതിയിൽ മൂന്നു സ്റ്റാൻഡിംഗ് കൗൺസൽമാരാണ് ഉള്ളതെന്നും ടി പാനലിൽ ക്രമനമ്പർ 1 ആയ അഭിഭാഷകനെ ബഹു. സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസലായി നിയമിക്കണമെന്നും അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ചിരിക്കുന്നു.

4. ബഹു. സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിന്റെ കേസുകൾ വാദിക്കുന്നതിനുള്ള സ്റ്റാൻഡിംഗ് കൗൺസൽമാരായി ശ്രീ.ജി.പ്രകാശ്, ശ്രീ.സി.കെ.ശശി, ശ്രീ.നിഷെ രാജൻ ഷോങ്കർ എന്നീ മൂന്നു അഭിഭാഷകരാണ് നിലവിലുള്ളത്.

5. ബഹു. സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസൽമാരെ നിയമിക്കുന്നത് മന്ത്രിസഭായോഗ തീരുമാനത്തിലൂടെയാണ്.

6. മേൽ സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറൽ 22-11-2021 തീയതിയിലെ SS-GK 24/2021/AG നമ്പർ കത്ത് മുഖാന്തിരം സമർപ്പിച്ച അഭിഭാഷകരുടെ പാനലിൽ നിന്നും ഒരാളെ ബഹു. സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിന്റെ കേസുകൾ വാദിക്കുന്നതിനുള്ള സ്റ്റാൻഡിംഗ് കൗൺസലായി നിയമിക്കുന്ന വിഷയം മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. നിയമ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 23-11-2021 തീയതിയിൽ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട സംഗതി

22-11-2021 തീയതിയിലെ SS-GK 24/2021/AG നമ്പർ കത്ത് മുഖാന്തിരം സമർപ്പിച്ച അഭിഭാഷകരുടെ പാനലിൽ നിന്നും, അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത ശ്രീ.ഹർഷദ് വി.ഹമീദ്,എ-401, റിവർ വ്യൂ അപ്പാർട്ട്മെന്റ്, മയൂർ വിഹാർ എക്സ്റ്റൻഷൻ, ന്യൂഡൽഹി-110091 നെ ബഹു. സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിന്റെ കേസുകൾ വാദിക്കുന്നതിനുള്ള സ്റ്റാൻഡിംഗ് കൗൺസലായി നിയമിക്കാവുന്നതാണോ ?